(സി) ഇക്കാര്യത്തിൽ തിരുത്തൽ നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള തിരുത്തൽ വേണമെന്നാണ് സർക്കാർ ആവശ്യപ്പെടുന്നത്;

(ഡി) സ്വർണ്ണക്കടത്ത് കേസിൽ കേന്ദ്ര ഏജൻസികളുടെ ഏത് തരത്തിലുള്ള അന്വേഷണവും സ്വാഗതം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് നേരത്തേ കത്തയച്ചിരുന്നോ; അപ്രകാരം ഒരു കത്ത് അയച്ച ശേഷം അവരുടെ അന്വേഷണത്തിൽ അപാകത ഉണ്ടെന്ന് കാണിച്ച് വീണ്ടും കത്ത് അയച്ചത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കുമോ?

(ബി-ഡി) രാജ്യത്തിന്റെ സമ്പദ്ഘടനയെയും സാമ്പത്തിക ഭദ്രതയെയും തകർക്കുന്ന സ്വർണ്ണക്കള്ളക്കടത്തിന്റെ അടിവേരുകൾ കണ്ടെത്തണമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. കള്ളക്കടത്തിലൂടെ രാജ്യാതിർത്തി കടന്നുവരുന്ന സ്വർണ്ണം എത്തിച്ചേരുന്ന ഇടം കണ്ടുപിടിക്കുകയും ചെയ്യണം. അതുകൊണ്ടാണ് കാര്യക്ഷമവും ഏകോപിതവുമായ അന്വേഷണം കേന്ദ്ര ഏജൻസികൾ നടത്തണമെന്ന് ഇന്ത്യൻ പ്രധാനമന്ത്രിയോട് 2020 ജൂലൈ 8 ന് കത്തിലൂടെ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്. കസ്റ്റംസ് (പ്രിവന്റീവ്) തിരുവനന്തപുരം യൂണിറ്റ് അന്വേഷിച്ചുവന്ന സ്വർണ്ണക്കടത്ത് കേസിൽ ദേശീയ അന്വേഷണ ഏജൻസി കൂടി അന്വേഷണം ആരംഭിച്ചപ്പോൾ അന്വേഷണത്തിന് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും സംസ്ഥാന സർക്കാർ വാഗ്ദാനം ചെയ്തു. കേന്ദ്ര ഏജൻസികളുടെ അന്വേഷണം ഒരുഘട്ടത്തിൽ നിഷ്പക്ഷതയുടെ വഴിയിൽനിന്നും മാറുകയും മുൻവിധിയോടെ നീങ്ങുകയും ചെയ്യുന്നുവെന്ന് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ബോധ്യം വന്നപ്പോഴാണ് സംസ്ഥാന സർക്കാരിന് ശക്തമായ വിമർശനം ഉന്നയിക്കേണ്ടിവന്നത്.

**വിജിലൻസ് അന്വേഷണം പൂർത്തിയാക്കാൻ നടപടി**

97 (1993) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗവ. എൽ.പി. സ്കൂളിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസിനാസ്പദമായ പരാതി വിജിലൻസിൽ ലഭിച്ചത് എന്നാണ്; പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗവ. എൽ.പി. സ്കൂളിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത വിഷയം സംബന്ധിച്ച് ത്വരിതാന്വേഷണം നടത്തിയിരുന്നു. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

ത്വരിതാന്വേഷണത്തിനാസ്പദമായ പരാതി 1-8-2017-ലാണ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ചത്. പരാതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും ആരെയൊക്കെയാണ് കേസിൽ പ്രതി ചേർത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ഈ കേസിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ വിഷയത്തിൽ നടത്തിയ സത്വരാന്വേഷണം പൂർത്തീകരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് തുടർനടപടികൾക്കായി 25-6-2019 -ലെ വിജി-ബി2/1195/18/വിജി (1) നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളിലേക്ക് തുടർ നടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്. പ്രസ്തുത സ്കൂളിലെ ആരോപണ വിധേയമായ കെട്ടിടത്തിന്റെ ഫിറ്റ്നസ് സംബന്ധിച്ച് ലഭിച്ച മറ്റുപരാതികളുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരെക്കൊണ്ട് ടി കെട്ടിടത്തിന്റെ ഉറപ്പ് സംബന്ധിച്ച് വീണ്ടും പരിശോധന നടത്തുകയും തൃശ്ശൂർ ഗവ.എൻജിനീയറിംഗ് കോളേജിലെ ഉദ്യോഗസ്ഥരുടെ ടെക്നിക്കൽ ടീമിനെക്കൊണ്ട് സ്കൂൾ കെട്ടിടം വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വിജിലൻസ് അന്വേഷണത്തിന്റെ പേരിൽ ഈ സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കേസന്വേഷണം എത്രയും വേഗം പൂർത്തിയാക്കി ഈ സ്കൂളിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന അടിയന്തര നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ എൻജിനീയറിംഗ് കോളേജിന്റെ വിദഗ്ദ്ധ സംഘം നടത്തുവാനുദ്ദേശിക്കുന്ന വെരിഫിക്കേഷൻ വേഗത്തിൽ പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly